ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. ടി.എസ്. ജോൺ :

ശ്രീ. മോൻസ് ജോസഫ് :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലസ്രോതസ്സുകളുടെ എത്ര ശതമാനമാണ് വൈദ്യുതി നിർമ്മാണത്തിന് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജലസ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതിനായി പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ഉടനെ ലഭ്യമല്ല. ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഫലപ്രദമായ ഊർജ്ജ ഉൽപാദനത്തിനുതകുന്ന ജലസ്രോതസ്സുകളെപ്പറ്റി വിശദമായ പഠനം നടത്തി വരുന്നു.

(സി) ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി ഒരു സിവിൽ ചീഫ് എഞ്ചിനീയറുടെ ഓഫീസ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതിനോടനുബന്ധിച്ച് കോതമംഗലത്തും, തൃശൂരും ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളും വിവിധ സ്ഥലങ്ങളിലായി എട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളും ആരംഭിക്കുന്നതിനുള്ള നടപടികളും ബോർഡ് സ്വീകരിച്ചു വരുന്നു.

135 (1679) വാഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വാഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി പ്രവർത്തനങ്ങൾക്ക് ഇലക്ട്രിസിറ്റി ബോർഡ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഐഡിയൽ പ്രോജക്ട് ആന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 29.9.1992-ൽ വാഞ്ചിയം മിനി ജലവൈദ്യുത പദ്ധതിക്കുവേണ്ടി ധാരണാപത്രം ഒപ്പുവച്ചിരുന്നു. 9-6-1993-ൽ പ്രസ്തുത പദ്ധതിക്കുവേണ്ടി കരാറും ഒപ്പു വച്ചു. എന്നാൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത കമ്പനി ആരംഭിക്കാതിരുന്നതിനാൽ കമ്പനിയുമായി നിലവിലിരുന്ന കരാർ ബോർഡ് 5-9-1997-ൽ റദ്ദാക്കുകയുണ്ടായി. ഇതേത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കമ്പനി ഹൈക്കോടതി മുമ്പാകെ കരാർ റദ്ദാക്കപ്പെടാതിരിക്കുന്നതിലേയ്ക്കായി കേസ്സ് ഫയൽ ചെയ്യുകയും ബോർഡിന്റെ റദ്ദാക്കൽ ഉത്തരവിനെതിരെ വിധി തേടുകയും ചെയ്തിട്ടുണ്ട്. ബോർഡ് ഈ വിധിയ്ക്കെതിരായി ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ തീരുമാനം അനുസരിച്ചുമാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

(സി) പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേസ് ഇപ്പോൾ ഹൈക്കോടതിയുടെ മുമ്പാകെയാണ്. കോടതി വിധിക്കനുസരിച്ചുമാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ നിർവാഹമുള്ളൂ.

136 (1680) വൈദ്യുതി ബോർഡിലെ കൺസൾട്ടന്റുമാർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ്ജ്. ജെ. മാത്യു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ബി) ഇവർക്ക് നൽകുന്ന കൺസൾട്ടൻസി ഫീസ് എത്രയാണ്; മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നുണ്ട്;

(സി) കൺസൾട്ടന്റുമാരായി പ്രവർത്തിക്കുന്നവർ ആരെല്ലാമെന്നും ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പരിചയം മറ്റ് യോഗ്യത എന്നിവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിലെ ഏതെങ്കിലും കൺസൾട്ടന്റുമാർക്ക് ബോർഡിലെ ഏതെങ്കിലും വർക്കിന്റെ കോൺട്രാക്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുകയെത്രയാണ്;

(ഇ) ഈ വർക്ക് അവർക്ക് നൽകിയിട്ടുള്ളത് കോൺട്രാക്ടിന്റെ അടിസ്ഥാനത്തിലാണോ;

(എഫ്) എങ്കിൽ ഈ വർക്ക് സംബന്ധിച്ച ടെണ്ടറിൽ ആരെല്ലാം ടെണ്ടർ നൽകിയെന്നും ഓരോരുത്തരും കാട്ട് ചെയ്ത തുകയെത്ര എന്നും പറയുമോ?

ഉത്തരം

(എ)-(സി) ഉണ്ട്.

താഴെപ്പറയുന്നവരെയാണ് കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുള്ളത്:

		നിയമിച്ച തീയതി
1.	ഫിഷ്നർ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് (ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ്, മദ്രാസ്	28.5.1994
2.	എൻ.ടി.പി.സി	19.11.1997

LIBRARY ARCHIVES Kerala Legislative Assembly